## എ.യു.പി.സ്കൂൾ കുമരംപുത്തൂർ

മണ്ണാർക്കാട് കോളേജ് പി.ഒ., പാലക്കാട് ജില്ല – 678583





# ഉണർവ്

## അക്കാദമിക് മാസ്റ്റർപ്ലാൻ 2025 – 26



# ആമുഖം

കുമരംപുത്തൂർ പഞ്ചായത്തിൽ ചുങ്കം സെന്റർ അടുത്ത് അലനല്ലൂർ റോഡിനോട് ചേർന്നാണ് ഈ വിദ്യാലയം സ്ഥിതി ചെയ്യുന്നത്. വിദ്യാഭ്യാസ സാമൂഹ്യപ്രവർത്തനങ്ങളുടെ കേന്ദ്ര ബിന്ദുവായി പ്രവർത്തിക്കുന്ന വിദ്യാലയം സ്ഥാപിതമായത് 1.7.1954 ആണ്. സ്ഥാപക മാനേജർ ശ്രീ. ഇട ത്തൊടി ഗോപാലൻ നായർ അദ്ദേഹത്തിന്റെ കാലശേഷം ശ്രീമതി. വി എം ഭാർഗവി അമ്മയും ഈ വിദ്യാലയത്തിന്റെ മാനേജർമാരായി. ശ്രീമതി. വി.എം.ഭാർഗവിയമ്മയുടെ മരണശേഷം അവരുടെ മക്കളുടെ നേതൃത്വ ത്തിൽ ഈ വിദ്യാലയം ഒരു കോർപ്പറേറ്റ് മാനേജ്മെൻറ് ആയി പ്രവർത്തി ക്കുന്നു. ഇപ്പോഴത്തെ മാനേജർ വി.എം. ഗോപാലകൃഷ്ണ നാണ്.

ശ്രീ. ശ്രീധരൻ മണ്ണാർക്കാട്, ശ്രീമതി. വി. എം വിജയലക്ഷ്മി, ശ്രീമതി എം. ജെ. മേരി, ശ്രീ.വി എം. ഗോപാലകൃഷ്ണൻ, ശ്രീമതി വി. എം. മാലതി, ശ്രീമതി. പി. കെ. സുകാന്തി, ശ്രീ.പി.ഇ. മത്തായി എന്നിവർ പ്രധാനാധ്യാ പകർ എന്ന നിലയിൽ സ്കൂളിന്റെ വികസനത്തിനു സുപ്രധാന പങ്കുവഹിച്ചു. 2023 ജൂൺ മുതൽ ശ്രീമതി. വി. ആർ. സുധ സ്കൂളിന്റെ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകിവരുന്നു.

എഴുനൂറോളം കുട്ടികളും 28 അധ്യാപകരും ഓഫീസ് അസിസ്റ്റന്റും ഉള്ള ഈ വിദ്യാലയം വിദ്യാഭ്യാസ മികവിന്റെ കാര്യത്തിലായാലും കലാ-കായിക മികവുകളിലായാലും സബ്ജില്ലയിൽ തന്നെ മുൻപന്തിയിൽ നിൽക്കുന്നു.

പൊതുവിദ്യാദ്യാസത്തിന്റെ ഗുണമേന്മ വർദ്ധിപ്പിക്കുന്നതിനുള്ള സമഗ്ര പദ്ധതി നടപ്പാക്കിവരുന്നു. അക്കാദമിക ഗുണനിലവാരം ഉയർത്തുക എന്ന ലക്ഷ്യത്തോടെ വിവിധ മേഖലകളിൽ ശക്തമായ ഇടപെടലുകൾ വിദ്യാലയം നടത്തിവരുന്നു..

## പൊതുലക്ഷ്യങ്ങൾ

- സമഗ്ര ഗുണമേന്മ വിദ്യാഭ്യാസ പദ്ധതി നടപ്പിൽ വരുത്തുന്നതിനായി
- ഈ വിദ്യാലയത്തിൽ പഠിക്കുന്ന ഓരോ കുട്ടിയുടെയും സമഗ്ര വികാസം എന്ന ലക്ഷ്യപ്രാപ്തിയിലേക്ക് കടക്കുന്ന പദ്ധതികൾ ആസൂത്രണം ചെയ്തു നടപ്പിലാക്കുക എന്നതാണ് നമ്മുടെ വിദ്യാലയത്തിന്റെ ലക്ഷ്യം.
- 5,6,7 ക്ലാസുകളിൽ കുട്ടികൾ ആർജിക്കേണ്ട പഠന നേട്ടങ്ങൾ ഉറപ്പുവരുത്തൽ.
- ഇംഗ്ലീഷ്, ഹിന്ദി, മലയാളം ഭാഷകളിൽ ആശയവിനിമയം നടത്താനുള്ള ശേഷി കുട്ടികളിൽ ഉണ്ടാക്കുക.
- ഗണിതാഭിരുചി, ശാസ്ത്രാഭിരുചി ഇവ വളർത്തുക.
- കുട്ടികളിൽ കായികക്ഷമത ആർജ്ജിക്കുന്നതിനും ചിട്ടയായ വ്യായാമ ങ്ങളിലൂടെ അവ നിലനിർത്തുന്നതിനും അതുവഴി കായികപരമായി മികച്ച യുവതലമുറയെ വാർത്തെടുക്കുക.
- കുട്ടികളുടെ കലാകായിക അഭിരുചികൾ വളർത്തുക.
- ഭരണഘടനാബോധം, മതേതരത്വം, ദേശീയ ബോധം, ആത്മവിശ്വാസം, സാമൂഹ്യസേവനമനോഭാവം, പൊതുമുതൽ സംരക്ഷണമനോഭാവം, പരിസ്ഥിതിസംരക്ഷണമനോഭാവം, കാർഷികസംസ്കാരം ഇവ വളർത്തുക.
- തൊഴിലിന്റെ മഹത്വം, എല്ലാ തൊഴിലിലും മഹത്തരമാണെന്ന് ബോധം വളർത്തുക.
- മുതിർന്നവരോടുള്ള ആദരവ് സഹാനുഭൂതി ഈ മനോഭാവങ്ങൾ വളർത്തിയെടുക്കുന്നതിന് അനുയോജ്യമായ സാഹചര്യങ്ങൾ ഒരുക്കി നല്ല പൗരന്മാരാക്കുക.
- പാർശ്വവൽക്കരിക്കപ്പെട്ടതും പ്രത്യേക പരിഗണന അർഹിക്കുന്നതു മായ കുട്ടികളുടെ അക്കാദമികഗുണനിലവാരം ഉറപ്പുവരുത്തുന്നു.
- അതിജീവനത്തിനുള്ള ശേഷി കൈവരിക്കുക.

## അക്കാദമികം

### മധുരം നുണഞ്ഞ്

സബ്ജക്റ്റ് കൗൺസിൽ, SRG എന്നിവയുടെ പിൻബലത്തോടെ പാഠപുസ്തകത്തിൽ നിന്ന് കൂടി ആർജ്ജിക്കേണ്ട പഠനനേട്ടങ്ങൾ ലിസ്റ്റ് ചെയ്ത് സമയബന്ധിതമായി ആവശ്യമായ പഠനപ്രവർത്തനങ്ങൾ പൂർത്തിയാക്കുക. ഗ്രൂപ്പ് പ്രവർത്തനങ്ങൾ, ICT സാധ്യതകൾ, പരസ്പരം വിലയിരുത്തുന്നതിനും സ്വയം വിലയിരുത്തുന്നതിനും ഉള്ള സാധ്യത, നിത്യജീവിതവുമയി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ, എല്ലാ വിഭാഗം കുട്ടികളെയും പരിഗണിച്ചുള്ള പ്രവർത്തനങ്ങൾ എന്നിവ പഠനപ്രവർത്തന ങ്ങളിൽ ഉണ്ടെന്ന് ഉറപ്പു വരുത്തണം.

### നവജ്യോതി

പഠന പിന്നോക്കാവസ്ഥ നേരിടുന്ന കുട്ടികളെ പ്രത്യേകം കണ്ടെത്തി എല്ലാ വിഷയങ്ങളിലും ഫലപ്രദമായി ശ്രദ്ധാ പദ്ധതി നടപ്പാക്കുക. ഇതിനുപുറമെ മലയാളത്തിളക്കം പരിപാടികൂടി നടപ്പാക്കി മേൽപ്പറഞ്ഞ കുട്ടികൾക്ക് മികച്ച അടിത്തറ ഉറപ്പാക്കുക ഓരോ ക്ലാസ്സദ്ധ്യാപകരും അതാത് ക്ലാസ്സുകളിലെ പിന്നോക്കം നിൽക്കുന്ന കുട്ടികളെ ദത്തെടുത്ത് വേണ്ട പരിശീലനങ്ങൾ നൽകി കുട്ടിയെ മുന്നിലെത്തിക്കുന്നു. ഗൃഹ സന്ദർശനം, പഠനയാത്രകൾ, ഇവ ഈ പ്രവർത്തനങ്ങൾക്ക് ഊർജ്ജം നൽകുന്നു.

### ഡിജിറ്റൽ കുമരംപുത്തൂർ

എല്ലാ ക്ലാസ്റൂമുകളും ഘട്ടംഘട്ടമായി സ്മാർട്ട് ക്ലാസ്സ്റൂം ആക്കി മാറ്റുക.

### തൊട്ടറിയാം

ഗണിതം, സയൻസ്, സാമൂഹ്യശാസ്ത്രം എന്നിവയ്ക്ക് സ്ക്കൂൾതല ലാബ് വിപുലീകരിക്കുകയും ക്ലാസ്സ് തലത്തിൽ ലാബുകൾ സജ്ജീകരി ക്കുകയും ചെയ്യുന്നു.

## കാച്ച് ദം യങ്

എല്ലാ കുട്ടികളെയും കായികക്ഷമത ഉള്ളവരാക്കുക എന്ന ലക്ഷ്യം നേടുന്നതിനുവേണ്ടി ആക്റ്റിവിറ്റി റൂം സജ്ജീകരിക്കുക, ഗെയിം എക്യുപ്മെൻറ് സ് കിഡ്സ് അത്‌ലറ്റിക് എക്യുപ്മെൻറ്സ് മുതലായവ സജ്ജീകരിക്കുക, കഴിവുള്ള കുട്ടികളെ കായികഇനങ്ങൾ ചിട്ടയായി പരിശീലിപ്പിക്കുക.

യോഗ, കരാട്ടെ ക്ലാസ്സുകൾ സംഘടിപ്പിക്കുക അബാക്കസ് പരിശീലനം കഴിയുന്നത്ര കുട്ടികൾക്ക് നൽകുക . ഫുട്ബോൾ, ഖോഖോ പരിശീലനം ആൺകുട്ടികൾക്കും പെൺക്കുട്ടികൾക്കും .

## സർഗ്ഗവസന്തം

കുട്ടികളിലെ സർഗ്ഗവാസന പരിപോഷിപ്പിക്കുന്നതിന്

മിന്നാമിനുങ്ങ് (സ്കൂൾ പത്രം ക്ലാസ്സ് പത്രം ഇവ തയ്യാറാക്കുന്നു)

പുസ്തകനിരൂപണം. ആസ്വാദനക്കുറിപ്പ്, കാർട്ടൂൺ, ഒറിഗാമി കഥ, കവിത,

ടാൻഗ്രാം ചിത്രങ്ങൾ മുതലായവയിൽ മത്സരങ്ങൾ നടത്തി കഴി വുള്ളവർക്ക് ആവശ്യമായ പരിശീലനം നൽകുന്നു

മാസത്തിലൊരിക്കൽ ക്ലാസ്സ്തല സാഹിത്യസമാജം നടത്തി കഴിവുള്ളവരെ കണ്ടെത്തി പരിശീലനം നൽകുന്നു.

കലാമേഖലയിലെ മികച്ച വ്യക്തികളെ പങ്കെടുപ്പിച്ച് ശില്പശാലകൾ സംഘടിപ്പിക്കുന്നു.

## സ്കൗട്ട് ആൻ്റ് ഗൈഡ്

സമൂഹനൻമ, സേവനമനോഭാവം, രാജ്യസ്നേഹം എന്നിവ കുട്ടികളിൽ വളർത്തിയെടുക്കുന്നതിനു വേണ്ടി ആരംഭിച്ച സകൗട്ട് ട്രൂപ്പിന്റെ പ്രവർത്തനം വിപുലപ്പെടുത്തുക പെൺകുട്ടികളിൽ ആത്മവിശ്വാസം വളർത്തിയെടുക്കുന്നതിനു വേണ്ടി ഗൈഡ്സ് കമ്പനി സ്ക്കൂളിൽ പ്രവർത്തിക്കുന്നു.

## പ്രജാതന്ത്ര്

ജനാധിപത്യബോധം കുട്ടികളിൽ വളർത്താൻ സ്കൂൾ തെരഞ്ഞെടുപ്പ് ജനാധിപത്യ രീതിയിൽ സംഘടിപ്പിക്കുകയും, മോക് പാർലമെന്റ് നടത്തുകയും ചെയ്യുക. ഗ്രാമസഭകൾ കാണാനുള്ള അവസരം ഒരുക്കുക

## നിർഭയം

ക്ലാസ് ലീഡർമാർ, പാർലമെന്റ് അംഗങ്ങൾ, ഓരോ ബസ് ട്രിപ്പിലും പങ്കെടുക്കുന്ന കുട്ടികളുടെ പ്രതിനിധികൾ എന്നിവരെ ഉൾപ്പെടുത്തി കൊണ്ടുള്ള സുരക്ഷാ ക്ലബ്ബിന്റെ പ്രവർത്തനങ്ങൾ ഊർജ്ജിതപ്പെടുത്തുക ട്രാഫിക് ബോധവൽക്കരണ ക്ലാസുകൾ, സ്ത്രീ ശാക്തീകരണ ക്ലാസുകൾ, കൗൺസിലിങ്ങ് ക്ലാസുകൾ ഇവ പ്രാവീണ്യമുള്ള ആളുകളുടെ നേതൃത്വത്തിൽ നടത്തുക. ഈ പ്രവർത്തനങ്ങൾ മറ്റു കുട്ടികളിലേക്കെത്തിക്കാനുള്ള അവസരം ഒരുക്കുന്നു.

## ലേൺ ആൻ്റ് ഏൺ

കുട്ടികളിൽ പഠനത്തോടൊപ്പം സമ്പാദ്യശീലവും വളർത്തിയെടു ക്കുന്നതിനുതകുന്ന പരിപാടികൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കുന്നു

- LED ബൾബ് നിർമ്മാണം
- ചോക്ക് നിർമ്മാണം
- പേപ്പർ ക്യാരി ബാഗ് നിർമ്മാണം etc

## അമൃതം (പ്രഭാതഭക്ഷണം പരിപാടി)

പ്രഭാതഭക്ഷണമാണ് ബുദ്ധിവികസനത്തിന് അത്യാവശ്യം എന്ന തത്വം ഉൾക്കൊണ്ട് പല ജീവിതസാഹചര്യങ്ങൾ കൊണ്ട് പ്രഭാതഭക്ഷണം ഒഴിവാക്കി വരുന്ന കുട്ടികൾക്ക് ഊർജ്ജം നൽകുന്നതിനു വേണ്ടി ഞങ്ങൾ നടപ്പാക്കിയിട്ടുള്ള പദ്ധതിയാണ് ഇത്. വരും വർഷങ്ങളിൽ ഇത് കൂടുതൽ വിപുലപ്പെടുത്താൻ ഉദ്ദേശിക്കുന്നു. പോഷകസമൃദ്ധമായ ഉച്ചഭക്ഷണത്തോടൊപ്പംആഴ്ചയിൽ രണ്ടു ദിവസം പാൽ, ഒരു ദിവസം കോഴിമുട്ട എന്നിവയും സർക്കാർ സഹായത്തോടു കൂടി എല്ലാ കുട്ടികൾക്കും നൽകി വരുന്നു.

## അറിവിന്റെ വിഹായസ്സിലേക്ക്

സ്ക്കൂൾതല ലൈബ്രറി വിപുലികരിക്കുക, ക്ലാസ്തല ലൈബ്രറി സജ്ജീകരിക്കുക. ക്ലാസ്തല ലൈബ്രറിയിൽ കുട്ടികൾ നിർബന്ധമായും വായിച്ചിരിക്കേണ്ട പുസ്തകങ്ങൾ, പഠനത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികൾക്കുള്ള പുസ്തകങ്ങൾ എന്നിവയുടെ ലഭ്യത ഉറപ്പു വരുത്തുക.

## യോദ്ധാവ്

മയക്കുമരുന്നിനെതിരെ പ്രവർത്തിക്കുക എന്ന സന്ദേശം കുട്ടികളിൽ എത്തിക്കാനായി ബോധവൽക്കരണ ക്ലാസ്സുകൾ, വീഡിയോ പ്രദർശനം ഇവ സുരക്ഷാ ക്ലബ്ബിന്റെയും . സ്കൗട്ട് & ഗൈഡ്സ് ക്ലബ്ബിന്റെയും ആഭിമുഖ്യത്തിൽ നടത്തുന്നു.

ജൂൺ 3 മുതൽ 13 വരെ നിയമബോധം, വ്യക്തിശുചിത്വം, പരിസരശുചിത്വം, പൊതുബോധം, ലഹരിക്കെതിരെയുള്ള അവബോധം, സൈബർ അവബോധം, പൊതു നിരത്തിലെ നിയമങ്ങൾ തുടങ്ങിയ ക്ലാസങ്ങൾ 1 മണിക്കൂർ വീതം അധ്യാപകരുടെ നേതൃത്വത്തിൽ നടത്തുന്നു. ക്ലാസ്സദ്ധ്യാപകർ ഈ ക്ലാസ്സുകൾ കുട്ടികൾക്കു നൽകുന്നു.

| | | |
|---|---|---|
| 30/06/25 | 3 To 4 | മയക്കുമരുന്ന് /ലഹരിക്കെതിരെ |
| 4/06/25 | 3 To 4 | ട്രാഫിക് നിയമങ്ങൾ റോഡ് /സ്ക്കൂൾ വാഹനത്തിൽ സഞ്ചരിക്കുമ്പോൾ അറിയാനുള്ള കാര്യങ്ങൾ |
| 5/06/25 | 3 To 4 | വ്യക്തിശുചിത്വം, പരിസരശുചിത്വം |
| 9/6/25 | 3 To 4 | ആരോഗ്യം, വ്യായാമം, കായികക്ഷമത |
| 10/6/25. | 3 To 4 | ഡിജിറ്റൽ അച്ചടക്കം. |
| 11/6/25. | 3 To 4 | പൊതുമുതൽ സംരക്ഷണം |
| 12/6/25 | 3 To 4 | പരസ്പര സഹകരണത്തിന്റെ പ്രാധാന്യം |
| 13/6/25. | 3 To 4 | പൊതുക്രോഡീകരണം. |

| SL NO | Programme | Activity | | ഭൗതികം | പിന്തുണ |
|---|---|---|---|---|---|
| 24. | | രചയിതാക്കളെ പരിചയപ്പെടുത്തൽ | | ഫോട്ടോകൾ | |
| 25. | | സാഹിത്യ സാംസ്കാരിക ചിത്ര ഗാലറി | | പുസ്തകങ്ങൾ | |
| 26. | | എഴുത്തുകൂട്ട രൂപീകരണം | | | |
| 27. | | കഥ, കവിത ശില്പശാലകൾ | | | |

## നവജ്യോതി– തനതുപ്രവർത്തനം

നമ്മുടെ മാതൃഭാഷയായ മലയാളത്തിൽ എഴുതാനും വായിക്കാനും അറിയാത്ത കുട്ടികളെ ജൂൺ മാസത്തിൽ തന്നെ പ്രീടെസ്റ്റ് നടത്തി കണ്ടെത്തുന്നു ശനിയാഴ്ചകളിലും ഒഴിവുള്ള സമയങ്ങളിലും പ്രത്യേക മോഡ്യൂൾ ഉപയോഗിച്ച് കുട്ടികൾക്ക് അധ്യാപകർ പരിശീലനം നൽകുന്നു. ചില സന്ദർഭങ്ങളിൽ കുട്ടികളെ ദത്തെടുക്കുന്ന രീതിയും സ്വീകരിച്ചുവരുന്നു ഏഴാംതരം കഴിഞ്ഞു പോകുന്ന എല്ലാ കുട്ടികൾക്കും എഴുത്തും വായനയും അറിയും എന്ന് രക്ഷിതാക്കൾക്ക് ഉറപ്പ് കൊടുക്കാൻ ഈ പ്രവർത്തനത്തിലൂടെ കഴിയുന്നു. പി ടി എ യുടെ പരിപൂർണ പിന്തുണ ഈ പദ്ധതിക്ക് ലഭിക്കുന്നു

# മേഖല യു.പി. മലയാളം

| നം. | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|---|
| 1. | ഭാഷയുടെ അടിസ്ഥാനശേഷി, വികസനം, ആശയ സംവേദനം നടത്താനും, പദസമ്പത്ത് വളർത്താനും പഠിതാക്കളെ പ്രാപ്തരാക്കുക | **എന്റെ അവധിക്കാലം**<br>പഠിതാക്കൾ അവരുടെ അവധിക്കാല അനുഭവങ്ങൾ വിവിധ വ്യവഹാരങ്ങളിലൂടെ (കഥ, കവിത, യാത്രാനുഭവം, അനുഭവക്കുറിപ്പ് ) അവതരിപ്പിക്കുന്നു. | ജൂൺ | മലയാളം അധ്യാപകൻ | |
| 2. | പിന്നോക്കം നിൽക്കുന്ന കുട്ടികളെ സ്വന്തമായി എഴുതുവാനും വായിക്കുവാനും പ്രാപ്തരാക്കുക | അക്ഷരമാലയും ചിഹ്നങ്ങളും പഠിക്കുന്നതിനായുള്ള പ്രവർത്തനങ്ങൾ നൽകുന്നു. ഗ്രൂപ്പായി തിരിച്ച് വായനാകാർഡുകൾ നൽകി കൂടുതൽ വായിക്കുന്ന ഗ്രൂപ്പുകൾക്ക് പ്രോത്സാഹനം നൽകുന്നു. | അധ്യയന വർഷം മുഴുവൻ | മലയാളം അധ്യാപകൻ | |

| മേഖല യു.പി. മലയാളം | | | | | |
|---|---|---|---|---|---|
| നം. | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
| 3) | പഠിതാവിന് അർത്ഥപൂർണ്ണമായ വായന ഉറപ്പുവരുത്തുക. | പത്രം, ലൈബ്രറി പുസ്തകങ്ങൾ പാഠ പുസ്തകൾ എന്നിവ കുട്ടികൾ വായിക്കുകയും പ്രതികരണശേഷി വളർത്തുകയും ഉച്ചാരണശുദ്ധി ഉണ്ടാക്കിഎടുക്കുകയും ചെയ്യുന്നു. | എല്ലാ ദിവസവും | മലയാളം അധ്യാപകൻ | |
| 4) | സാഹിത്യ കൃതികളോടും, സാഹിത്യ കാരൻമാരോടുമുള്ള അനുകൂല മനോഭാവം വളർത്തുക വഴി പഠിതാക്കളുടെ സർഗ്ഗശേഷി വളർത്തൽ. | സാഹിത്യകാരന്മാർ, എഴുത്തുകാർ കലാകാരൻമാർ എന്നിവരെ അടുത്തറിയൽ, പുസ്തകങ്ങൾ പരിചയപ്പെടൽ, അഭിമുഖ സംഭാഷണം, സംവാദങ്ങൾ എന്നിവ സംഘടിപ്പിക്കൽ | വർഷത്തിൽ 2 പ്രാവശ്യം | HM മലയാളം അധ്യാപകൻ | |
| 5) | പഠിതാക്കളുടെ കലാവാസനകളെ പരിപോഷിപിക്കുന്നു. | പാഠഭാഗങ്ങളുമായി ബന്ധപ്പെട ലഘുനാടകങ്ങൾ കവിതകൾ ദൃശ്യാവിഷ്ക്കാരങ്ങൾ എന്നിവ സ്കൂൾ അസംബ്ലിയിൽ അവതരിപ്പിക്കുന്നു | എല്ലാ മാസവും ഒരു ദിവസം | ക്ലാസ്സ് ലീഡർ മലയാളം അധ്യാപകർ | |

| മേഖല യു.പി. മലയാളം | | | | | |
|---|---|---|---|---|---|
| നം. | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
| 6) | ക്ലാസ്സ് മാഗസിൻ സ്കൂൾ മാഗസിൻ എന്നിവ തയ്യാറാക്കൽ | കുട്ടികളുടെ സർഗ്ഗാത്മക രചനകൾ ഉൾപ്പെടുത്തി ഓരോ ക്ലാസ്സിലേയും ക്ലാസ്സ്തല മാഗസിൻ തയ്യാറാക്കുന്നു. അതിലെ മികച്ച സൃഷ്ടികൾ ഉൾപ്പെടുത്തി സ്കൂൾ തല മാഗസിൻ തയ്യാറാക്കുന്നു. ഓണത്തോടനുബന്ധിച്ച് ഓണപ്പതിപ്പ് തയ്യാറാക്കുന്നു. | വർഷത്തിൽ ഒന്ന് | ക്ലാസ്സ് ടീച്ചർമാർ മലയാളം അധ്യാപികമാർ | |
| 7) | ദിനാചരണങ്ങൾ ആഘോഷിക്കൽ | വായനാദിനം. ബഷീർദിനം ചിങ്ങം 1, കർഷകദിനം, കേരളപ്പിറവി തുടങ്ങി വിവിധ ദിനാചരണങ്ങൾ കുട്ടികളുടെ വൈവിധ്യങ്ങളായ പരിപാടികൾ ഉൾക്കൊള്ളിച്ച് വിപുലമായി ആഘോഷിക്കുന്നു. | ദിനങ്ങളോടനുബന്ധിച്ച് | മലയാളം അധ്യാപകർ | |
| 8) | ക്ലാസ്സ്തല ലൈബ്രറി സജ്ജീകരിക്കൽ | കുട്ടികളുടെ വായനയിൽ ഉള്ള താത്പര്യം വർദ്ധിപ്പിക്കുവാൻ സ്കൂൾ ലൈബ്രറിയ്ക്ക് പുറമേ കുട്ടികളുടെ പങ്കാളിത്തത്തോടെ ക്ലാസ്സ് തല ലൈബ്രറിയും സജ്ജീകരിക്കുന്നു. | വർഷം മുഴുവൻ | ക്ലാസ്സ് ടീച്ചർ മലയാളം അധ്യാപകർ | |

| മേഖല യു.പി. അറബി | | | |
|---|---|---|---|
| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാല യളവ് | ഭൗതി കം |
| അറബി ഭാഷാ പഠന നേട്ടങ്ങൾ എല്ലാ കുട്ടികളും നേടുക. ഭാഷയിലെ ഒരേപോലെയുള്ള അക്ഷരങ്ങൾ ഉച്ചരിക്കുമ്പോഴും എഴുതുമ്പോഴും വ്യത്യാസം മനസ്സിലാക്കി കുട്ടിക്ക് ഉപയോഗിക്കാൻ സാധിക്കുക. രൂപപ്പെടുത്തുക യും ചെയ്യുക. | **കൈതാങ്ങ്**<br>ടെസ്റ്റ് നടത്തി ഭാഷാപഠനത്തിൽ പിന്നാക്കം നിൽക്കുന്ന വിദ്യാർഥികളെ കണ്ടെത്തുന്നു. അക്ഷരങ്ങൾ തിരിച്ചറിയാൻ പ്രയാസം അനുഭവിക്കുന്നവർക്കുവേണ്ടി പ്രത്യേകം തയ്യാറാക്കിയ കാർഡുകൾ നൽകുന്നു. സ്കൂളിലെ സ്മാർട്ട് റൂമുകൾ ഉപയോഗിച്ച് ഗെയിമുകൾ, ഫ്ളാഷ് കാർഡുകൾ, നിറം നൽകാൻ പോലുള്ള പ്രവർത്തനങ്ങൾ ചെയ്യിപ്പിക്കുന്നു. ഭാഷയിൽ പിന്നോക്കം നിൽക്കുന്ന കുട്ടികളെ കണ്ടെത്തുകയും അവർക്ക് ആവശ്യമായ പരിഗണന നൽകുകയും എഴുത്തും വായനയും പരിപോഷിപ്പിക്കുകയും ചെയ്യൽ | മൂന്ന് മാസം | പുസ്തക ങ്ങൾ<br><br>കാർ ഡുക ൾ |
| അറബി ഭാഷാശേഷി വർദ്ധിപ്പിക്കുക.<br><br>പദസമ്പത്ത് അധികരിപ്പിക്കുക | **പുതിയ പദം പരിചയപ്പെടൽ**<br><br>ആഴ്ചയിലൊരിക്കൽ പാഠപുസ്തകത്തിലുള്ള വാക്കുകൾക്കും പദങ്ങൾക്കും പുറമേ അഞ്ച് വാക്കുകൾ കഥാ കവിതാ പുസ്തകങ്ങളിൽ നിന്നോ പ്രൊജക്ടർ സ്ക്രീനിൽ കഥ. കവിത എന്നിവ കാണിച്ചോ ശേഖരിക്കുവാൻ സാഹചര്യമൊരുക്കുന്നു ലഘു സംഭാഷണങ്ങൾ. പാഠ ഭാഗങ്ങൾ ചിത്രീകരണ രൂപത്തിലുള്ള അവതരണം. കൂടുതൽ പ്രവർത്തനങ്ങളിൽ പങ്കാളികളായവർക്ക് സമ്മാനം നൽകുന്നു. സാധാരണ ദൈനംദിന കാര്യങ്ങളിൽ ഉപയോഗിക്കുന്ന വാക്കുകൾ പരിശീലിപ്പിക്കുകയും കൂടുതൽ ചെയ്യുന്ന വിദ്യാർത്ഥികൾക്ക് സമ്മാനം | ജൂൺ മുതൽ മാർച്ചു വരെ | പുസ്തക ങ്ങൾ<br><br>കാർ ഡുക ൾ<br><br>സി. ഡി കൾ |

<table>
<tr><th colspan="4">മേഖല യു.പി. അറബി</th></tr>
<tr><th>ലക്ഷ്യം</th><th>പ്രവർത്തനങ്ങൾ</th><th>കാല യളവ്</th><th>ഭൗതി കം</th></tr>
<tr><td>കുട്ടികളുടെ സർഗാത്മകശേഷി വർദ്ധിപ്പിക്കുക.</td><td>ചിത്രങ്ങൾ, ലഘു കവിതകൾ.<br><br>കഥകൾ, സംഭാഷണം, പദപ്രശ്നം. കുറിപ്പുകൾ, വിവരണം എന്നിവ ഉൾകൊള്ളുന്ന കയ്യെഴുത്ത് മാഗസിനുകൾ ഓരോ കുട്ടിയും തയ്യാറാക്കുന്നു.</td><td>ജൂൺ മുതൽ മാർച്ചു വരെ</td><td>പുസ്തക ങ്ങൾ<br><br>ചാർ ട്ടുകൾ</td></tr>
<tr><td>ഓരോ മാസവും കുട്ടികൾ വായനാ തൽപരരാവുകയും ഭാഷ ശേഷി വർദ്ധിപ്പിക്കുകയും ചെയ്യുക</td><td>മാസത്തിലൊരിക്കൽ ക്ലാസ് തലത്തിൽ വായനാമത്സരം. കയ്യെഴുത്ത് മത്സരം എന്നിവ നടത്തി സമ്മാനം നൽകുന്നു പ്രൊജക്ടർ ഉപയോഗിച്ച് മാസത്തിലെ അവസാന പിരിയഡിൽ പാഠപുസ്തകവുമായി ബന്ധപ്പെട്ട വിവരങ്ങൾ. പൊതുവിവരങ്ങൾ എന്നിവ ഉൾപ്പെടുത്തി ക്വിസ് മത്സരം നടത്തുന്നു</td><td>ജൂൺ മുതൽ മാർച്ചു വരെ</td><td>പുസ്തക ങ്ങൾ<br><br>ചാർ ട്ടുകൾ</td></tr>
</table>

| നമ്പർ | പ്രവർത്തനം | പ്രവർത്തന ഘട്ടം | കാല യളവ് | ചുമതല | ഫണ്ട് | വിലയി രുത്തൽ |
|---|---|---|---|---|---|---|
| 1) | പഢേം ആഗെ ബഢേം ഉർദു വായന | വായന മത്സരങ്ങൾ, ക്വിസ് മത്സരങ്ങൾ, ബാലമാസികകൾ, ഉർദു പത്രങ്ങൾ, വായന കാർഡുകൾ തുടങ്ങിയവ വായനക്ക് ലഭ്യമാക്കൽ. | വിവിധ ദിനാചര ണങ്ങ ളിൽ | ഉർദു സബ് ജക്റ്റ് കൗൺ സിൽ | 1500 | എച്ച്. എം, സബ് ജക്റ്റ് കൗൺ സിൽ |
| 2) | മേരെ അൽഫാസ് ഉർദു കയ്യെഴുത്ത് മാഗസിൻ | രചനാ ശേഷി വളർത്തൽ, ഉർദുവിൽ മികച്ചതും ഭംഗിയുള്ളതുമായ കൈ എഴുത്ത് എന്നീ ലക്ഷ്യ പൂർത്തീകരണത്തിനും, കുട്ടികളിലെ സർഗ്ഗാത്മകത | ടേംൽ 1 വീതം | ഉർദു സബ് ജക്റ്റ് കൗൺ സിൽ | 1000 | എച്ച്. എം, സബ് ജക്റ്റ് കൗൺ സിൽ |

| | | | | | | |
|---|---|---|---|---|---|---|
| 11) | | സംഘടിപ്പിക്കൽ | വർഷത്തിൽ ഒന്ന് | ഉർദു ക്ലബ്ബ് | 10000 | സബ്ജക്ട് കൗൺസിൽ |
| 12) | ദിനാചാരണങ്ങൾ | ഭാഷാ ശേഷി വളർത്തുന്നതിനുതകുന്ന രീതിയിൽ വിവിധ ദിനാചരണ പരിപാടികൾ സംഘടിപ്പിക്കൽ. | അതത് ദിനങ്ങളിൽ | ഉർദു ക്ലബ്ബ് | 500 | എച്ച്.എം, സബ്ജക്ട് കൗൺസിൽ |
| 13) | തൊഴിൽ നൈപുണി | താഴിൽ നൈപുണി വളർത്തുന്നതിന് വേണ്ടി വിവിധ പരിശീലനങ്ങൾ സംഘടിപ്പിക്കൽ. | വർഷത്തിൽ ഒന്ന് | ഉർദു ക്ലബ്ബ് | 2000 | എച്ച്. എം, സബ്ജക്ട് കൗൺസിൽ |
| 14) | ഉർദു കെമോത്തിയാം ഉർദു സാഹിത്യത്തെ പരിചയപ്പെടൽ | ഉർദു സാഹിത്യ രൂപങ്ങളെയും ഉർദു സാഹിത്യകാരന്മാരെയും പരിചയപ്പെടുത്തുന്ന പൊതുവേദി ഒരുക്കുക. ഉർദുവിലെ പ്രസിദ്ധരായ എഴുത്തുകാരുടെ രചനകൾ പരിചയപ്പെടുത്തുക | വർഷത്തിൽ ഒന്ന് | ഉർദു ക്ലബ്ബ് | 500 | എച്ച്. എം, സബ്ജക്ട് കൗൺസിൽ |

# മേഖല യു.പി. സംസ്കൃതം

| | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലവധി | ചുമ<br>തല | |
|---|---|---|---|---|---|
| 1) | സ്വന്തമായി എഴുതുവാനും പ്രാപ്ത രാക്കുന്നു. | അക്ഷരമാലയും ചിഹ്നങ്ങളും ഉറപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നൽകുന്നു. വായനാകാർഡുകൾ നൽകി വായിപ്പിക്കുന്നു. ഉച്ചത്തിലുള്ള വായനക്ക് ക്ലാസിൽ അവസരം നൽകുന്നു. ഗ്രൂപ്പുകളായി തിരിച്ച് ആരോഗ്യപരമായ മത്സരം നടത്തി വീഡിയോ എടുത്ത് ഗ്രൂപ്പുകളിലൂടെ പ്രചരിപ്പിക്കുന്നു. രക്ഷിതാക്കളുടെ സാന്നിദ്ധ്യത്തിൽ വിട്ടിൽ നിന്ന് വായിച്ച് ടെക്സ്റ്റ് ബുക്കിൽ രക്ഷിതാക്കളുടെ പ്രതികരണം കുറിക്കുന്നു | വർഷം മുഴുവൻ | സംസ്കൃതം അധ്യാപിക | |
| 2) | സഭാകമ്പം ഉൻമൂലം ചെയ്യുന്നു. | കുട്ടികൾക്ക് കഴിവുള്ള വിഷയങ്ങളിൽ പരിശിലനം നൽകി കുട്ടികളുടെയും അധ്യാപകരുടെ മുന്നിൽ അവതരിപ്പിക്കാൻ അവസരം നൽകുന്നു. കലോത്സവങ്ങളിലും മറ്റ് അവസരങ്ങളിലും അവരുടെ കഴിവ് പ്രകടിപ്പിക്കുന്നു: നാടകക്കളരി പുറത്തുനിന്നും ള്ള അധ്യാപകന്റെ സഹായത്തോടെ സംഘടിപ്പിക്കുന്നു.. | ജൂൺ,<br>ജൂലായ്<br>ആഗസ്റ്റ്<br>സെപ്റ്റംബർ<br>ഒക്ടോബർ<br>ഫെബ്രുവരി | | സംസ്കൃതം അധ്യാപികയും പുറത്ത് നിന്നുള്ള ഒരു പരിശീലകനും |

# ഇംഗ്ലീഷ് അക്കാദമിക് മാസ്റ്റർ പ്ലാൻ

| | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം |
|---|---|---|---|
| 1) | തെറ്റ് കൂടാതെ ഇഗ്ലീഷ് എഴുതാൻ പ്രാപ്തനാക്കുന്നു. | MY ENGLISH WORLD<br>കുട്ടികളുടെ കലാസൃഷ്ടി ഉൾപ്പെടുത്തി ക്ലാസ് മാഗസിൻ, മിനി ഡിക്ഷണറി എന്നിവ തയ്യാറാക്കുന്നു | വർഷാവസാനം |
| | | * പോസ്റ്ററുകൾ, നോട്ടീസ്, സൂചന ബോർഡുകൾ എന്നിവ സ്കൂൾ അന്തരീക്ഷത്തിലും ക്ലാസ് റൂമുകളിലുമായി പ്രദർശിപ്പിക്കുന്നു. | ദിനാചരണ ങ്ങളിൽ |
| | | * Tongue Twisters, English games, എന്നീ പ്രവർത്തനങ്ങൾ ക്ലാസ് തലത്തിൽ സംഘിപ്പിക്കുന്നു. | ഇംഗ്ലീഷ് പീരിഡുകൾ |
| 2) | ഇംഗ്ലീഷ് ഭാഷയോടുള്ള ആത്മവിശ്വാസം ഉയർത്തുന്നു. | * 'SPOKEN WORLD'<br>ഇംഗ്ലിഷിൽ പ്രാവിണ്യമുള അധ്യാപകരെ ഉൾപ്പെടുത്തി ഇംഗ്ലീഷ് അന്തരീക്ഷം സൃഷ്ടിച്ച് ഇംഗ്ലീഷ് ക്യാമ്പുകൾ സംഘടിപ്പിക്കുന്നു. | മാസത്തിൽ ഓരോ പ്രാവശ്യം |
| | | 'Preposition, Pronunciation, spelling New words, എന്നിവ കുടികളിൽ എത്തിക്കാന നിന്നുവേന്നി ഞലലഹ കൾ താറാക്കുന്നു. | |
| 3) | SPOKEN ENGLISH | ക്ലാസ്സ് തലത്തിൽ ഇംഗ്ലീഷ് അധ്യാപകർ കുട്ടികളിൽ കഴിക്ഷിൽ ഇഗ്ലീഷ് പ്രാവീണ്യം വർധിപ്പിക്കാൻവേണ്ടി SPOKEN ENGLISH ക്ലാസ് സംഘടിപ്പിക്കുന്നു. A1 -ഉപയോഗിച്ച് കുട്ടികളുടെ ഭാഷാനൈപുണ്യം വർധിപ്പിക്കാൻ വേണ്ടി പരിശീലനം നൽകുന്നു. | |

| ഇംഗ്ലീഷ് അക്കാദമിക് മാസ്റ്റർ പ്ലാൻ | | | |
|---|---|---|---|
| | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം |
| | | Reader of the Month ഇംഗ്ലീഷ് ദിനപത്രം വായിക്കുവാൻ അവസരം കൊടുക്കുന്നു. Reader of monthsനെ തിരഞ്ഞെടുക്കുന്നു.<br><br>* Skit കൾ ക്ലാസ്തലത്തിൽ സംഘടിപ്പിക്കുന്നു.<br><br>* English Speech മത്സരങ്ങൾ സംഘടിപ്പിക്കുന്നു. | മാസംതോറും<br><br>ദിനാചരണ ങ്ങളിൽ |
| | Festival & English | English Fest കുട്ടികളിലെ ആത്മവിശ്വാസം വർദ്ധിപ്പിക്കുന്നതിനും അവരിലെ സഭാകമ്പം മാറുന്നതിനും English Communication Skill കൂടുന്നതിനും വേണ്ടി വർഷവസാനത്തിൽ English Fest സംഘടിപ്പിക്കുന്നു. | വർഷവസാനം |

# അക്കാദമിക് മാസ്റ്റർ പ്ലാൻ – ഹിന്ദി

| SL No | Programme | Activity | Duration | ഭൗതികം | പിന്തുണ |
|---|---|---|---|---|---|
| 1. | UP തലത്തിലെ എല്ലാ കുട്ടികൾക്കും അക്ഷരങ്ങളും പദങ്ങളും ആശയങ്ങളും ഉറപ്പിക്കൽ. | ● അക്ഷരം എഴുതത്ത്<br>● ചിഹ്നം ഉറപ്പിക്കൽ.<br>● അക്ഷരകാർഡ്, വാക്കുകൾ എഴുതിയ കാർഡ്<br>● classൽ അക്ഷരമാല പ്രദർശനം<br>● ഓൺലൈൻ അക്ഷരമാല കളികൾ<br>● വാക്കുകൾ എഴുതിയ കാർഡുകൾ.<br>● വാക്കുകൾ നിർമ്മാണം<br>● വാക്യങ്ങളുടെ നിർമ്മാണം<br>● (HS വിഭാഗത്തിലെ പിന്നോക്കാവസ്ഥ യിലുള്ളകുട്ടികളിൽ PRE TEST നടത്തി, മുകളിലെ പ്രവർത്തനങ്ങൾ നടപ്പിലാക്കാം) | JUNE to AUGUST | അക്ഷര കാർഡ്, പാഠപു സ്തകം | BRC DIET SCERT ( ആവശ്യ മെങ്കിൽ) Resource teachers |
| 2) | വീട് ഒരു പരീക്ഷണശാല (കാണുന്നതും കേൾക്കുന്നതും ഉപയോഗിക്കുന്ന തുമായ വസ്തുക്കളുടെ പേര് ഹിന്ദിയിൽ പഠിക്കുക.) | ● വീട്ടിൽ ഉപയോഗിക്കുന്ന ഗൃഹോപകരണങ്ങൾ ഉൾപ്പെടെയുള്ള വസ്തുക്കളുടെ പട്ടിക ഹിന്ദിയിൽ തയ്യാറാക്കുക.<br>● ICT സഹായത്തിലൂടെ വസ്തുക്കളും വാക്കുകളും പരിശീലിക്കാനുള്ള അവസരം<br>● CWSN കുട്ടികളുടെ പങ്കാളിത്തം | September to October | ഹിന്ദി നിഘ ണ്ടു. | PTA, BRC Resource Teacher |

# അക്കാദമിക് മാസ്റ്റർ പ്ലാൻ – ഹിന്ദി

| SL No | Programme | Activity | Duration | ഭൗതികം | പിന്തുണ |
|---|---|---|---|---|---|
| 1. | ആശയങ്ങൾ തെറ്റുകൂടാതെ പ്രകടിപ്പിക്കാനും<br><br>സർഗാത്മ കരചനകൾ വികസിപ്പിക്കാനുമുള്ള അവസരം (സുരീലി ഹിന്ദി) | • ഹിന്ദി അസംബ്ളി<br>• ദിനാചരണങ്ങൾ (പ്രത്യേകിച്ച് സെപ്തംബർ 14, ജനുവരി 10)<br>• ക്ലാസ് ലൈബ്രറി<br>• അധികവായന സാമഗ്രികൾ<br>• ചിത്രസഹായത്തോടെ ചിത്രകഥ തയ്യാറാക്കൽ<br>• ചിത്രം-അടിക്കുറുപ്പ്<br>• ചിത്രം-കഥ പറയൽ<br>• ചിത്രം-കഥ എഴുതൽ<br>• കഥ ബാക്കിഎഴുതൽ<br>• വായനമൂല<br>• ഹിന്ദിക്ലബ്ബ് പ്രവർത്തനങ്ങൾ | November to February | പുസ്തകങ്ങൾ | BRC<br>DIET<br>PTA<br>SCERT |
| | | | | | |

# അടിസ്ഥാനശാസ്ത്രം

| | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം |
|---|---|---|---|
| | ജീവിത സാഹചര്യങ്ങളിൽ നിന്നും ചുറ്റുപാടു കളിൽ നിന്നും ശാസ്ത്രത്തെ തിരിച്ചറിയൽ | നിശാഗന്ധി-ജൈവവൈവിധ്യ പാർക്ക്<br>പച്ചക്കറിതോട്ടം, ശലഭഭോദ്യനം, മുളകൾകൊണ്ടുള്ള ഇരിപ്പിടങ്ങൾ ഉൾക്കൊള്ളിച്ച്കൊണ്ടുള്ള ജൈവവൈവിധ്യ പാർക്ക് നിർമ്മാണം<br><br>കണ്ടറിയാനൊരുയാത്ര<br>കണ്ടൽക്കാട് നിരീക്ഷണം, പുഴയെ അറിയാൻ യാത്രകൾ<br><br>പരീക്ഷണക്കളരി<br>നിത്യ ജീവിതത്തിൽ പരിചിതമായ വസ്തുക്കൾ ഉപയോഗപ്പെടുത്തി രസകരമായ ലഘുപരീക്ഷണങ്ങളിലൂടെ ശാസ്ത്രക്ലാസ്സുകൾ ആരംഭിക്കുന്നു | അക്കാദമിക്<br><br><br><br>ജൂൺ മുതൽ |
| | ശാസ്ത്ര പ്രക്രിയശേഷി വികസിപ്പിക്കുക. ആധുനിക ശാസ്ത്രോ പകരണങ്ങൾ കൈ കാര്യം ചെയ്യാനുള്ള കഴിവ് വർദ്ധിപ്പിക്കുക | എക്സ്പ്ലോ -എക്സ്പ്ലോർ<br>ആധുനിക ശാസ്ത്രലോകത്തിന്റെ വിവിധ കണ്ടത്തലുകൾ അടങ്ങിയ പരീക്ഷണങ്ങൾ ഉൾപ്പെടുത്തി സ്കൂൾ തല ശാസ്ത്രോത്സവം സംഘടിപ്പിക്കുന്നു.<br><br>മാസ്റ്റർ മൈന്റ്<br>ആരോഗ്യ ക്ലബ്ബ്, ശാസ്ത്രക്ലബ്ബ് ഇവയുടെ ആഭിമുഖ്യത്തിൽ വിവിധ ശാസ്ത്രആശയങ്ങളുമായിബന്ധപ്പെട്ട പ്രൊജക്ടുകൾ തയ്യാറാക്കി റിപ്പോർട്ട് അവതരിപ്പിക്കാനുള്ള അവസരം നൽകുന്നു.<br><br>ശാസ്ത്ര വിസ്മയ ചുമർ<br>ശാസ്ത്ര പാഠഭാഗവുമായിബന്ധപ്പെട്ട് ശാസ്ത്രവിസ്മയ ചുമർ ഓരോ ക്ലാസ്സിലും നിർമ്മിക്കുന്നു.<br><br>മുഖാമുഖം<br>ശാസ്ത്ര മേഖലയിലെ പ്രമുഖമായ വ്യക്തികളുമായി അഭിമുഖം | അക്കാദമിക് വർഷം<br><br>അക്കാദമിക് വർഷം<br><br>അക്കാദമിക് വർഷം |

| ഗണിതം - അക്കാദമിക് മാസ്റ്റർ പ്ലാൻ | | | | | |
|---|---|---|---|---|---|
| | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
| 1. | അടിസ്ഥാന ഗണിതക്രിയകൾ എല്ലാ പഠിതാക്കൾക്കും ഉറപ്പു വരുത്തുന്നു. | ഗണിത ശില്പശാല കളികളിലൂടെ അടിസ്ഥാന ഗണിതക്രിയകൾ ഉറപ്പിക്കാനുള്ള പ്രവർത്തനങ്ങൾ നൽകുന്നു. | ജൂൺ | ഗണിത അധ്യാപകൻ | |
| 2. | രസകരമായ ഗണിത ശാസ്ത്ര പഠനവും കര ചലന ശേഷികളുടെ വികാസവും | ഒറിഗാമിയിലൂടെ ഗണിതശേഷികൾ കൈവരിക്കുന്നതിനുള്ള പരിശീലനം നൽകൽ വിവിധ ഒറിഗാമി രൂപങ്ങളുടെ നിർമ്മാണം. | വർഷത്തിൽ ഒരു പ്രാവശ്യം | ഗണിത അധ്യാപകൻ | |
| 3. | ഗണിത പഠന പ്രവർത്തനങ്ങൾ സുഗമമാക്കൽ | ഗണിതലാബ് സജ്ജമാക്കുന്നു. അത് ഗണിത ക്ലാസ് പ്രവർത്തനങ്ങളിൽ പ്രായോഗികമാക്കുന്നു. | ആവശ്യാനുസരണം | ഗണിത അധ്യാപകരും ഗണിത ക്ലബ്ബ് അംഗങ്ങളും | |
| 4. | ഗണിതം മധുരമാക്കൽ | ഗണിത കളരി വിദ്യാലയത്തിൽ ജ്യാമിതീയ രൂപങ്ങൾ ഉൾപ്പെടുത്തുന്നു പരിചയപ്പെടുത്തുന്നു | വർഷത്തിൽ ഒരു പ്രാവശ്യം | ഗണിത ക്ലബ്ബ് | ഗണിത ക്ലബ്ബ് PTA |
| 5. | ഗണിത താൽപര്യം വളർത്തൽ | ഗണിത ഗ്രാമം: ഗണിതത്തിൻ്റെ വിവിധ മേഖലയിലുള്ളവരെ ഉൾപ്പെടുത്തി കുട്ടികൾക്ക് ആസ്വാദ്യകരമായ ക്ലാസ്സുകൾ സംഘടിപ്പിക്കുന്നു. | വർഷത്തിൽ അഞ്ചോ ആറോ തവണ | ഗണിത അധ്യാപകർ ക്ലബ്ബ് ലീഡർമാർ | |

ഗണിതം - അക്കാദമിക് മാസ്റ്റർ പ്ലാൻ

| | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|---|
| 6. | ആധുനിക ഗണിത സാങ്കേതിക വിദ്യാ സാധ്യതകൾ സണിത പഠനത്തിനായി പ്രയോജന പെടുത്തുന്നു | ഐ.ടി സാധ്യതകളിലൂടെ ജിയോജിൽ പോലുള്ള ഗണിത പഠന സഹായക സോഫ്റ്റ്ബാറുകൾ കുട്ടികൾക്ക് പ്രയോജനപ്പെടുത്തുന്നു. | മാസത്തിൽ ഒരു പ്രാവശ്യം | ഗണിത അധ്യാപകൻ | |
| 7. | ഗണിതത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികള്ള മുൻനിരയിലെത്തിക്കുന്നു. | <u>നവഗണിതം:</u> ഗണിതത്തിൽ പിന്നാക്കം നിൽക്കുന്ന കുട്ടികൾക്ക് ഗണിത അധ്യാപകരും മുൻ നിരയിൽ നിൽക്കുന്ന കുടികളും ചേർന്ന് ആവശ്യമായ പ്രവർത്തനങ്ങളിലൂടെ അവരെ കൈപിടിച്ചുയർത്തുന്നു. | ആഴ്ചയിൽ ഒരു പീരിഡ് | ഗണിത അധ്യാപകർ സമർഥരായ കുട്ടികൾ | |
| 8. | വിവിധ ശേഷികളുടെ വികസനം. | <u>ദിനാചരണം:</u> ജൂൺ- മാർച്ച് വിവിധ ദിനാചരണങ്ങളുമായി ബന്ധപ്പെട്ട് ഗണിത ശേഷികൾ വളർത്തുന്ന പ്രവർത്തനങ്ങൾ SRGയിൽ ചർച്ച ചെയ്ത് നടപ്പിലാക്കുന്നു. | എല്ലാ മാസവും | ഗണിത അധ്യാപകർ | |
| 9. | ഗണിത ശേഷികളുടെ വികസനം. | <u>ഗണിത ക്യാമ്പ്, ടാൻ ഗ്രാം നിർമ്മാണം</u> വിവിധ ഗണിത പ്രവർത്തനങ്ങൾ സമന്വയിപ്പിച്ച് ഗണിത ക്യാമ്പ് സംഘടിപ്പിക്കുന്നു. | വർഷത്തിൽ ഒരു പ്രാവശ്യം | ഗണിത അധ്യാപകർ ക്ലബ്ബ് അംഗങ്ങൾ | |
| 10. | ഗണിത പദങ്ങളെപ്പറ്റിയുള്ള ധാരണ വളർത്തൽ | ഗണിത നിഘണ്ടു നിർമ്മാണം ഗണിത പദങ്ങൾ ഉൾപ്പെടുത്തിയ നിഘണ്ടു നിർമ്മിക്കൽ | വർഷത്തിൽ ഒന്ന് | ഗണിത അധ്യാപകർ ക്ലബ്ബ് ലീഡർ കുട്ടികൾ | |

## യു.പി. സാമൂഹ്യശാസ്ത്രം

| | പദ്ധതി | ലക്ഷ്യം | പദ്ധതി വിശകലനം പ്രവർത്തനം | എസ്റ്റിമേറ്റ് | കാലയളവ് | പ്രവർത്തനം ഏറ്റെടുക്കുന്നവർ |
|---|---|---|---|---|---|---|
| 4) | പഠനോപകരണ നിർമ്മാണ ശില്പശാല | പഠനപ്രവർത്തനങ്ങൾക്കനുയോജ്യമായ പഠനോപകരണങ്ങളുടെ നിർമ്മാണം, പഠനം രസകരമാക്കൽ | വിദഗ്ദരായ റിസോഴസ് ടീമിന്റെ സഹായത്തോടെ സ്കൂൾതലത്തിൽ പഠനോപകരണ ശില്പശാല സംഘടിപ്പിച്ച് പഠനോപകരണങ്ങൾ നിർമ്മിക്കൽ | 5,000 രൂപ | 2025 – 26 | റിസോഴ്സ് ടീം, അധ്യാപകർ |
| 5) | കളിക്കൂട്ടം ഐടി സമൂഹ്യ ശാസ്ത്ര ക്ലബ് | സാമൂഹ്യ ശാസ്ത്രപരമായ ഇൻഫർമേഷൻ ടെക്നോളജിയിലൂടെ ഫലപ്രദമാക്കുന്നു. | ഐടി അധ്യാപക പരിശീലനം കിട്ടിയ അധ്യാപകന്റേയും വിദ്യാർത്ഥിയുടെയും സഹായത്തോടെ പാഠഭാഗങ്ങൾക്കാവശ്യമായ സിഡികൾ തയ്യാറാക്കി പഠനപ്രവർത്തനങ്ങൾക്കനുസരിച്ച് ഉപയോഗിക്കുന്നു. | 2,000 രൂപ | 2025 – 26 | അധ്യാപകർ<br>PTA അംഗങ്ങൾ<br>കുട്ടികൾ |
| 6) | പ്രകൃതി ദുരന്തങ്ങളെ നേരിടാൻ | പ്രകൃതി ദുരന്തങ്ങളെക്കുറിച്ച് മനസ്സിലാക്കി രക്ഷാപ്രവർത്തനത്തിൽ ഏർപ്പെടാൻ പഠിതാക്കളെ ബോധവാൻമാരാക്കുന്നു. | ഭൂകമ്പം, സുനാമി കൊടുംകാറ്റ്, വെള്ളപ്പൊക്കം, ഉരുൾ പൊട്ടൽ എന്നിവയുടെ ഭീതിജനകമായ ദൃശ്യങ്ങൾ കാണിക്കുന്നതിലൂടെ തീവ്രത മനസ്സിലാക്കാനും ഉദ്യോഗസ്ഥരുടെ സഹായത്തോടെ അതിനെ നേരിടാനുള്ള കഴിവ് ഉണ്ടാക്കുന്നു | 2,000 രൂപ | 2025 – 26 | സോഷ്യൽ ക്ലബ്ബ് |

## യു.പി. സാമൂഹ്യശാസ്ത്രം

| | പദ്ധതി | ലക്ഷ്യം | പദ്ധതി വിശകലനം പ്രവർത്തനം | എസ്റ്റിമേറ്റ് | കാലയളവ് | പ്രവർത്തനം ഏറ്റെടുക്കുന്നവർ |
|---|---|---|---|---|---|---|
| 1) | സാമൂഹികം പഠന ക്യാമ്പ് | സമൂഹത്തിലെ വൈവിധമാർന്ന ജനവിഭാഗങ്ങളുമായി ഇടപഴകാനും സാമൂഹിക പ്രവർത്തനത്തിൽ ഏർപ്പെടാനുമുള്ള പദ്ധതി | സ്കൂൾതലക്യാമ്പ്, ജനപ്രതിനിധികൾ, വയോജനങ്ങൾ പ്രധാന വ്യക്തിത്വങ്ങൾ തുടങ്ങിയവരെ പങ്കെടുപ്പിച്ചു കൊണ്ടുള്ള ക്യാമ്പ് ഫീൽഡ് പ്രവർത്തനത്തിലൂടെ സമൂഹത്തിൽ ഇടപെടാനുള്ള അവസരം ലഭിക്കുന്നു. | 6,000 രൂപ | 2025 – 26 | PTA, MPTA പൂർവ്വ വിദ്യാർത്ഥികൾ |
| 2) | പ്രാദേശിക വിഭവ ഭൂപട നിർമ്മാണ മാപ്പ് നിർമ്മാണം | പ്രാദേശിക വിടവങ്ങളെ കണ്ടെത്തുക ഭൂപട നിർമ്മാണത്തിൽ കുട്ടികളെ പ്രാപ്തരാക്കുക | പഠനപ്രവർത്തനങ്ങളുടെ ഭാഗമായി കുട്ടികൾ വിഭവ ശേഖരണം നടത്തുന്നു. സർവ്വെ ഭൂപട നിർമ്മാണം, മാപ്പിങ്ങ്, അറ്റ്ലസ് എന്നിവ പരിചയപ്പെടൽ | 4,000 രൂപ | 1 വർഷം | അധ്യാപകർ PTA അംഗങ്ങൾ |
| 3) | ബാല പാർല് മെന്റ് | ജനാധിപത്യ രീതികൾ മനസ്സിലാക്കുന്നതിന് | സാമൂഹ്യ ശാസ്ത്ര ക്ലബ്ബിൻന്റെ നേതൃത്വത്തിൽ സ്കൂൾ പാർലമെന്റ് തെരഞ്ഞെടുപ്പ് | 2,000 രൂപ | 2025 – 26 | സോഷ്യൽ ക്ലബ്ബ് |